(സി) എണ്ണൂറ് അപേക്ഷകൾ ലഭിച്ചു. അത് കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

(ഡി) ഇല്ല. സമയബന്ധിതമായി ലഭിച്ച എല്ലാ അപേക്ഷകളും അയച്ചിട്ടുണ്ട്.

(ഇ) ലഭിച്ചിട്ടില്ല.

(എഫ്&ജി) മതിയായ സമയം അനുവദിച്ചിരുന്നു. പദ്ധതിവർഷം കഴിഞ്ഞതുകൊണ്ട് തുടർ നടപടി അനുവദനീയമല്ല.

മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി

184(392) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി എന്നുമുതലാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്നും ആകെയുള്ള അദ്ധ്യാപകരിൽ ഇതിനകം എത്രപേർ ക്ഷേമനിധിയിൽ അംഗങ്ങളായെന്നും വെളിപ്പെടുത്തുമോ :

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(സി) ക്ഷേമനിധി പദ്ധതികൾ പരിഷ്കരിക്കാൻ നാളിതുവരെ നടത്തിയ നടപടികൾ വിശദീകരിക്കുമോ ;

(ഡി) ക്ഷേമനിധി പലിശ മുക്തമാക്കണമെന്ന മതസംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ ആവശ്യം പരിഗണിച്ച് ക്ഷേമനിധി പദ്ധതികൾ പരിഷ്കരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 01-04-2010 മുതലാണ് മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത്. ക്ഷേമനിധിയിൽ ഇതുവരെ 462 പേർ അംഗങ്ങളായി.

(ബി) പെൻഷൻ, നിക്ഷേപമുൾപ്പെടെ അംശദായം പൂർണ്ണമായും തിരിച്ചു നൽകൽ എന്നിവയാണ് ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ. അഞ്ച് വർഷത്തിൽ കുറയാത്തകാലം നിധിയിൽ നിക്ഷേപം അടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിന് 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷന്റെ നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*. 20 വർഷത്തിൽ കുറയാത്ത കാലം നിക്ഷേപമടച്ച് അംഗത്വം നിലനിർത്തി വരുന്ന ഒരംഗം മദ്രസ്സ അദ്ധ്യാപക പ്രവൃത്തിയിൽ നിന്ന് സ്വയം വിരമിക്കുന്നപക്ഷം പ്രസ്തുത അംഗത്തിന് മിനിമം പെൻഷൻ തുകയായ 500 രൂപ ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പെൻഷന് അർഹതയുള്ള ഒരംഗത്തിന് പെൻഷനുപകരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അംശദായം തിരിച്ചു നൽകൽ ആനുകൂല്യമായി അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിലെ 6-ാം കോളത്തിൽ കാണിച്ച നിരക്കിലുള്ള തുക ലഭിക്കുന്നതാണ്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവരെ കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിലേക്കുള്ള വിഹിതമടയ്ക്കുവാനും അംഗത്വത്തിനുള്ള അപേക്ഷ ശിപാർശ ചെയ്യാനും വിസമ്മതിക്കുന്ന മദ്രസ്സകളിലെ അദ്ധ്യാപകർ തൊഴിലുടമയുടേതടക്കമുള്ള പ്രതിമാസ വിഹിതം വീഴ്ചകൂടാതെ നിക്ഷേപിക്കുന്നതാണെന്നുള്ള പ്രത്യേക സത്യപ്രസ്താവന നൽകുന്നപക്ഷം അതിന്റെ അടിസ്ഥാനത്തിൽ അവർക്കും മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ക്ഷേമനിധി ആനുകൂല്യങ്ങൾ ട്രഷറി വഴി ക്ഷേമനിധി മാനേജർ മുഖേന്ന് നൽകുന്നതാണെന്നകാര്യം വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്

ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ

185 (393) <u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾ കൂടുതലുള്ള പ്രദേശങ്ങളിലെ സർക്കാർ സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകളും യൂറിനൽ കോംപ്ലക്സുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ വിശദവിവരം നൽകുമോ ;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത് ;

(സി) എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാവുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്ലാൻ ഫണ്ടിൽനിന്നോ, ഏതെങ്കിലും കേന്ദ്രപദ്ധതികളിൽനിന്നോ ഇതിന് ധനസഹായം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം,കോഴിക്കോട്, കണ്ണൂർ,കാസർഗോഡ് എന്നീ 9 ജില്ലകളിലെ 26 ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലുള്ള 284 സർക്കാർ സ്കൂളുകളിലായി 13758 മീറ്റർ പൈപ്പ് ലൈൻ വുപുലീകരണത്തോടെ 305 ടോയ്ലെറ്റ് കോംപ്ലക്സുകളും 536 യൂറിനൽ കോംപ്ലക്സുകളുമാണ് നിർമ്മിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly